**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** **15-10-2024 - ൽ മറുപടിയ്ക്ക്**

**കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ചവറയിലെ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിൽ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2012-13 കാലത്ത് മഗ്നീഷ്യം ഇറക്കുമതി സംബന്ധിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയെങ്കിലും തുട നടപടി ആവശ്യമില്ലെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. പ്രോഡക്ട് ബാഗ് വാങ്ങിയതിലുള്ള അഴിമതി ആരോപണത്തിൻമേൽ വകുപ്പുതല enquiry നടത്തി റിപ്പോർട്ട് തയ്യാറാക്കി വരുന്നു വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 5/10/2024-ൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട് . ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | കമ്പനിയിൽ നിന്നും പുറന്തള്ളുന്ന അയൺ ഓക്സൈഡ് മൂലമുള്ള മലിനീകരണം തടയാനുള്ള പദ്ധതിയുടെ കരാർ ആർക്കാണ് നൽകിയത്; പ്രസ്തുത കരാർ തുകയിൽ വർദ്ധനവ് വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കെ.എം.എം.എൽ-ലെ നിലവിലെ ആസിഡ് റിക്കവറി പ്ലാന്റിന്റെ നവീകരണത്തിനായി ആഗോള ഇ-ടെൻഡർ ക്ഷണിച്ചപ്പോൾ M/s Indrox Pvt ltd-ന്റെ സിംഗിൾ ഓഫർ മാത്രമേ ലഭിച്ചിരുന്നുള്ളൂ. അതിനാൽ 30/09/2019-ന് റീടെണ്ടർ വിളിച്ചു. M/s Indrox Pvt ltd-ന്റെ സിംഗിൾ ഓഫർ മാത്രമായിരുന്നു റീടെണ്ടറിൽ ലഭിച്ചത്. M/s Indrox Pvt ltd സമർപ്പിച്ച ടെണ്ടർ തുക 33.5 കോടി രൂപ+ജി.എസ്.ടി ആയിരുന്നു. സർക്കാർ നിർദ്ദേശിച്ച പ്രകാരം കമ്പനി വീണ്ടും റീടെണ്ടർ വിളിച്ചു. 05/06/2021-ന് ആഗോള ഇ-ടെൻഡർ പ്രസിദ്ധീകരിച്ചു. M/s Indrox Pvt Ltd, M/s Samrox എന്നീ കമ്പനികളുടെ ടെണ്ടർ ലഭിച്ചെങ്കിലും, വാണിജ്യ സാങ്കേതിക പരിശോധനയിൽ M/s Samrox പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ M/s Indrox Pvt Ltd.-ന്റെ ഓഫർ തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ M/s Indrox Pvt Ltd സമർപ്പിച്ച ടെണ്ടർ തുക |

| | | | |
|---|---|---|---|
| | | | Rs.38.34 കോടി +ജി.എസ്.ടി ആയി വർദ്ധിച്ചിരുന്നു. M/s Indrox Pvt Ltd.-ന്റെ ഓഫറിന്റെ cost escalation സംബന്ധിച്ച് പഠനം നടത്തുന്നതിന് FEDO-യെ ചുമതലപ്പെടുത്തി. FEDO-യുടെ പഠനത്തിൽ M/s Indrox Pvt Ltd.-ന്റെ ഓഫർ പരിഗണിക്കാവുന്നതാണെന്നും, ഇനിയും റീ ടെണ്ടറിംഗിന് പോയാൽ പദ്ധതി ചെലവ് വർദ്ധിക്കുമെന്നും ശിപാർശ ചെയ്തിരുന്നു. .26/5/2024-ലെ സ.ഉ.(കൈ) നം.27/2024/വ്യവ. ഉത്തരവ് പ്രകാരം കെ.എം.എം.എൽ-ലെ നിലവിലെ ആസിഡ് റിക്കവറി പ്ളാന്റിന്റെ നവീകരണവും, 3 മാസത്തെ ഓപ്പറേഷനും, മെയിന്റനൻസും ഉൾപ്പെട്ട പദ്ധതിയ്ക്ക് 3-ാമത്തെ ടെണ്ടറിൽ യോഗ്യരായ M/s Indrox Pvt Ltd.-ന്റെ സിംഗിൾ ബിഡ് അംഗീകരിച്ച് പദ്ധതി ചെലവ് Rs.39.54 കോടി രൂപ+ ജി.എസ്.ടിയും വരുന്ന പദ്ധതി പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. |
| (സി) | ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത സ്ഥാപനം കെടുകാര്യസ്ഥതയും ഉൽപാദന കുറവും മൂലം നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | കെ.എം.എം.എൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. അർദ്ധ വാർഷിക കണക്ക് പ്രകാരം ഈ സാമ്പത്തിക വർഷം കമ്പനിക്ക് 24.57 കോടി രൂപ(PBT)-യുടെ ലാഭം കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | ഈ സ്ഥാപനത്തിലെ അഴിമതികളെക്കുറിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കമ്പനിയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തുന്നുണ്ട്. കമ്പനിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ/ ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ് / വകുപ്പ് തല അന്വേഷണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ